എം3/57094/13/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടർ ഓഫീസ്,
തിരുവനന്തപുരം, തിയതി: 7/9/2013

പൊതു വിദ്യാഭ്യാസ ഡയറക്ടർ

വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ
ഡയറ്റ് പ്രിൻസിപ്പൽമാർ

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം-അദ്ധ്യാപികമാർക്കും വിദ്യാർത്ഥിനികൾക്കും നിർബന്ധിത യൂണിഫോമായി സാരി അടിച്ചേൽപ്പിക്കുന്നതു സംബന്ധിച്ച്

സൂചന:- 1.സർക്കാർ കത്തു നമ്പർ 32678/ജി3/2013/പൊ.വി.വ
2. സർക്കുലർ നമ്പർ 68725/ജി3/07/പൊ.വ.തിയതി: 4/2/2008
3.സുതാര്യ കേരളത്തിൽ 26-5-13-ൽ ദിവ്യ.കെ.തോമസ് നല്കിയ പരാതി.

സൂചന 2 പ്രകാരം സംസ്ഥാനത്തെ അദ്ധ്യാപികമാർക്കും അദ്ധ്യാപക വിദ്യാർത്ഥിനികൾക്കും നിർബന്ധിത യൂണിഫോമായി സാരി അടിച്ചേൽപ്പിക്കരുതെന്നും ചുരിദാർ തുടങ്ങിയ മറ്റു വേഷങ്ങൾ ധരിക്കാൻ അവർക്കു് സ്വാതന്ത്ര്യമുണ്ടെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ സംസ്ഥാനത്തെ ചില എയ്ഡഡ്, അൺ എയ്ഡഡ് സ്ക്കൂളുകളും ബി.എഡ് കോളേജുകളും ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഈ ഉത്തരവിനെ മറി കടന്നുകൊണ്ടു് അദ്ധ്യാപികമാർക്കും വിദ്യാർത്ഥിനികൾക്കും നിർബന്ധീത യൂണിഫോമായി സാരി അടിച്ചേൽപ്പിക്കുന്ന പ്രവണത വ്യാപകമായിരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടു്. അതിനാൽ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഡയറ്റ് പ്രിൻസിപ്പൽമാരും സൂചന (2) ലെ ഉത്തരവ് ബനധപ്പെട്ടവർ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. പരാതി ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്: ദിവ്യ.കെ.തോമസ്
കളപുരയ്ക്കൽ ഹൗസ്
കുണ്ടേരി, ചെട്ടിയാംപറമ്പ് പി.ഒ
കേളകംവഴി, കണ്ണൂർ 67067

2.സുതാര്യകേരളം
ബഹു മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ
തിരുവനന്തപുരം

എസ്.എൽ.27/9/13